പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1122

14/06/2012 ൽ മറുപടിക്ക്

## റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ

**ചോദ്യം**

ശ്രീ. എ.എ.അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതു വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(എ) പൊതു വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. റേഷൻ സാധനങ്ങൾ അർഹതപ്പെട്ട കാർഡുടമകൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി റേഷൻ മൊത്ത/ചില്ലറ വ്യാപാരശാലകളിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന റേഷൻ സാധനങ്ങൾ യഥാ സമയം തന്നെ വിട്ടെടുത്ത് വിതരണം ചെയ്യുന്നു. അനർഹമായി ബി.പി.എൽ കാർഡ് കൈവശം വച്ചിട്ടുളളവർക്ക് ആയത് സ്വമേധയാ എ.പി.എൽ ആക്കി മാറ്റുന്നതിന് അവസരം നൽകിയത് വഴി 33560 ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കി മാറ്റുകയും അനർഹമായ 386 ബി.പി.എൽ കാർഡുകൾ റദ്ദാക്കുകയും ചെയ്തു. നിലവിലെ ബി.പി.എൽ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതയുളള ബി.പി.എൽ കുടുംബങ്ങൾക്ക് ബി.പി.എൽ കാർഡ് നൽകുവാൻ ജില്ലാ കളക്ടർമാർക്ക് അധികാരം നൽകുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനായി എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) | പൊതു വിതരണ വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം നടപ്പാക്കാനും, റേഷൻ സാധനങ്ങൾ മറിച്ചു വിൽക്കാനുള്ള സാധ്യതകളെ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ബയോമെട്രിക് സംവിധാനം എന്നിവ നടപ്പാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്തെ റേഷൻ കടകൾ വഴി എന്തൊക്കെ നിത്യോപയോഗ സാധനങ്ങളാണ് ഇപ്പോൾ വിതരണം ചെയ്തു വരുന്നത്; | (സി) | അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയാണ് സംസ്ഥാനത്തെ റേഷൻ കടകൾ വഴി ഇപ്പോൾ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ. |
| (ഡി) | പുതുതായി എന്തൊക്കെ സാധനങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ: | (ഡി) | നിലവിൽ ഇത്തരം നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ